# സുധാ മൂർത്തി

# സ്വർണ്ണച്ചിറകുള്ള പക്ഷി



STORIES OF WIT AND MAGIC

സ്വർണ്ണച്ചിറകുള്ള പക്ഷി

സുധാമൂർത്തി

സ്വർണ്ണച്ചിറകുള്ള ഒരു പക്ഷി നിങ്ങളുടെ മട്ടുപ്പാവിൽ പറന്നിറങ്ങി അളവറ്റ സമ്പത്ത് തരാമെന്ന് വാഗ്ദാനം ചെയ്താൽ നിങ്ങളെന്തുചെയ്യും? തന്റെ മുന്നിൽ വന്നിരുന്ന വിശന്നുവലഞ്ഞ ഒരു കൊച്ചു പക്ഷിയോട് പാവം തോന്നി കൈവശമിരുന്ന ധാന്യമണികൾ നൽകിയ പെൺകുട്ടിയ്ക്ക് മനോഹരമായ സമ്മാനങ്ങളും സമ്പത്തും പ്രതിഫലമായി കിട്ടി. എന്നാൽ ഈ കഥകേട്ട് ആർത്തി മുഴുത്ത അയൽക്കാരിയ്ക്ക് കിട്ടിയതോ? പെൺകുട്ടിയ്ക്ക് കിട്ടിയതിനേക്കാൾ വലിയ, വിലകൂടിയ സമ്മാനങ്ങളാണ് അയൽക്കാരി മോഹിച്ചത്. ഒരു കാലത്ത് മധുരിച്ചിരുന്ന കടൽവെള്ളത്തിന് ഉപ്പുരസമായതെങ്ങനെ? പണ്ഡിതനായ പാഠശാലാ ഗുരു എല്ലാ പാഠങ്ങളും മറന്ന് പാചകക്കാരന്റെ സഹായം തേടേണ്ടിവന്നത് എങ്ങനെ? തീരെ ചന്തമില്ലാത്ത കുതിരച്ചെവികളാണ് തനിയ്ക്കുള്ളതെന്ന് രാജ്യത്തെ ജനങ്ങളറിയാതിരിയ്ക്കാൻ രാജാവ് ചെയ്തതെന്താണ്? സുധാമൂർത്തി രചിച്ച ഈ പുതിയ കഥാശേഖരം നർമ്മരസത്തിൽ പൊതിഞ്ഞ് ആകർഷണീയമാക്കിയതാണ്. കഥകളിലെ മാന്ത്രികജീവികൾക്ക് ജീവൻ നൽകുന്ന ഭംഗിയുള്ള ചിത്രങ്ങൾ പുസ്തകത്തിന് പകിട്ടേകുന്നു. രാജാക്കന്മാരും രാജകുമാരിമാരും സാധാരണ സ്ത്രീ പുരുഷന്മാരുമെല്ലാം ചിത്രങ്ങളിലൂടെ മനസ്സിലേയ്ക്കിറങ്ങി വന്ന് എല്ലാ പ്രായത്തിലുമുള്ള വായനക്കാരെ മറ്റൊരു ലോകത്തെത്തിയ്ക്കുന്നു.

CURRENT BOOKS THRISSUR ESTD:1952
ISBN 978-93-95338-39-4
₹199.00
കറന്റ് ബുക്സ് തൃശൂർ
www.currentbooksonline.in
Children's Literature

College of Avian Sciences & Management
LIBRARY
2535
KVASU Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2535 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Original English Title
**The Bird With Golden Wings**
Malayalam
**Swarnachirakulla Pakshi**
Children's Literature by
**Sudha Murty**
Translated by
**M.K. Gouri**
First Impression: July 2023
Cover Illustration: Ajanta Guhathakurta
Cover Design: Devangana Dash
Typeset: Current Books Thrissur
© Reserved
Printed at
Don Bosco IGACT, Kochi
Publishers
**Current Books Thrissur**-680 001 Keralam
e-mail: currentbooksthrissur@gmail.com
**www.currentbooksonline.in**
Distribution
**CosmoBooks**
Thrissur, Kochi, Kozhikode, Kottayam
e-mail: cosmobooks@asianetindia.com
**ISBN 978-93-95338-39-4**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.

2729-CBT-2023-46-1000

# സ്വർണ്ണച്ചിറകുള്ള പക്ഷി

**സുധാമൂർത്തി**

വിവ: എം.കെ. ഗൗരി

കറന്റ് ബുക്സ് തൃശൂർ

## സുധാമൂർത്തി

വടക്കൻ കർണാടകത്തിലെ ഷിഗോണിൽ 1950-ലാണ് സുധാമൂർത്തി ജനിച്ചത്. കംപ്യൂട്ടർ സയൻസ് എം.ടെക് നേടിയ അവരിന്ന് ഇൻഫോസിസ് ഫൗണ്ടേഷന്റെ അദ്ധ്യക്ഷയാണ്. ഇംഗ്ലീഷിലും കന്നഡയിലും വളരെ പ്രശസ്തയായ എഴുത്തുകാരിയാണ്. നോവലുകൾ സാങ്കേതികവിജ്ഞാന പുസ്തകങ്ങൾ, യാത്രാവിവരണങ്ങൾ, ചെറുകഥകൾ, ലേഖനങ്ങൾ എന്നീ മേഖലകളിലും ബാലസാഹിത്യത്തിലും നിരവധി ഗ്രന്ഥങ്ങൾ അവരുടേതായുണ്ട്. മിക്കവാറും എല്ലാ ഭാരതീയ ഭാഷകളിലും ഈ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 2006-ൽ പത്മശ്രീ അവാർഡും സാഹിത്യത്തിനുള്ള ആർ.കെ. നാരായൺ അവാർഡും അവരെ തേടിയെത്തി. 2011-ൽ കന്നഡ ഭാഷയിലെ മികവിനുള്ള അത്തിമബ്ബെ അവാർഡിനും അർഹയായി.

## എം.കെ. ഗൗരി

1962-ൽ കോഴിക്കോട്ട് ജനിച്ചു. മലബാർ കൃസ്ത്യൻ കോളേജിൽ നിന്നും രസതന്ത്രത്തിൽ ബിരുദം. ഇരുപത്തൊമ്പതുകൊല്ലത്തെ സേവനത്തിനുശേഷം ബി.എസ്.എൻ.എല്ലിൽനിന്നും സ്വമേധയാ പിരിഞ്ഞു. അസ്നെ സിയർസ്റ്റഡ്, മാഡം യൂജിനി ഫോ, ആന്ദ്രേ മൽറോ, അബ്ദുൾ കലാം, ജൂൾസ് വേൺ, ഡെയ്ൽ കാർനേഗി തുടങ്ങിയവരുടെ പതിനഞ്ചിലേറെ കൃതികൾ ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്കും രണ്ട് മലയാള പുസ്തകങ്ങൾ ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

e-mail: greeshmam62@gmail.com

## ഉള്ളടക്കം

സ്വർണ്ണമത്സ്യവും രാക്ഷസനും .....7

പകുത്ത് ഭക്ഷിക്കുക .....13

ഒരു രാജകുമാരനു വേണ്ട വൈദഗ്ദ്ധ്യങ്ങൾ .....17

കടൽവെള്ളത്തിനെങ്ങനെ ഉപ്പുരസമായി? .....23

വാഴ രാജകുമാരി .....29

ദേവതയെ പാട്ടിലാക്കിയ രീതി .....34

വിലപിടിച്ച രൂപ .....37

സ്വർണ്ണച്ചിറകുള്ള പക്ഷി .....41

ഏറ്റവും സമർത്ഥനായ പാചകക്കാരൻ .....47

സുകേശിനിയും തടാക രാക്ഷസനും .....53

ഭോഷനായ ധനികബാലൻ .....60

ബുദ്ധിമാന്മാരായ കള്ളന്മാർ .....65

കഴുതച്ചെവികളുള്ള രാജാവ് .....71

പാചകക്കാരനുള്ള പുസ്തകങ്ങൾ .....79

നല്ലവളായ ചിറ്റമ്മ .....85

ഒരച്ഛന്റെ ബുദ്ധിശക്തി .....89

ചതിയനായ സിംഹം .....92

മാന്ത്രികക്കൂജ .....98

ആശംസിക്കുന്ന മരം .....103

ഉരുളയ്ക്കുപ്പേരി .....110

ഒരു ദുർമന്ത്രവാദിനിയെ വിതച്ച കഥ .....113

# സ്വർണ്ണമത്സ്യവും രാക്ഷസനും



**ഒ**രു മുക്കുവനായിരുന്നു സുരാജൻ. തന്റെ ഭാര്യ ലക്ഷ്മിയുമൊത്ത് കടൽക്കരയിലുള്ള ഒരു കൊച്ചുഗ്രാമത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. ദിവസവും തന്റെ ചെറുതോണി കടലിലിറക്കി മത്സ്യംപിടിക്കാൻ സുരാജൻ പോകും. തന്റെ വലയിൽ നിറയെ മീനുകളായാൽ തിരിച്ചുപോരികയും ചെയ്യും. അവരുടെ ചെലവുകൾക്ക് തികയുന്ന ചെറിയൊരു തുക സമ്പാദിക്കാൻ ഇങ്ങനെ സാദ്ധ്യമായിരുന്നു അദ്ദേഹത്തിന്. ദരിദ്രരായ ഈ ദമ്പതിമാർക്ക് മക്കളില്ലായിരുന്നു. സുരാജൻ നല്ല മൃദുലഹൃദയനായ ഒരു മനുഷ്യനായിരുന്നു. ഭാര്യ ലക്ഷ്മിയാകട്ടെ എല്ലായ്പ്പോഴും ഉച്ചത്തിൽ സംസാരിച്ച്, ഭർത്താവിനോട് പലതും ആജ്ഞാപിക്കുന്ന കൂട്ടത്തിലുമായിരുന്നു. സമാധാനമാണ് പ്രധാനം എന്നതുകൊണ്ട് ഭാര്യ പറഞ്ഞതെല്ലാം സുരാജൻ അനുസരിച്ചുപോന്നു.

ഒരു ദിവസം രാവിലെ കടലിലേക്ക് പുറപ്പെടുംമുമ്പ് ഇരുന്ന് ഭക്ഷണം കഴിക്കുകയായിരുന്ന സുരാജനരികിൽ ചെന്ന് ലക്ഷ്മി ഉച്ചത്തിൽ ഇങ്ങനെ കല്പിച്ചു:

“വീട്ടിൽ വിറക് എന്നുപറയുന്ന ഒരു സാധനമില്ല. ഞാനെങ്ങനെ പാചകം ചെയ്യാനാണ്? വൈകുന്നേരം വരുമ്പോൾ മറക്കാതെ ചന്തയിൽനിന്ന് വിറകുകൊണ്ടുവരണം. മറന്നാലുണ്ടല്ലോ!”

ശാന്തനായി തലയാട്ടി വലയുമെടുത്ത് സുരാജൻ പുറപ്പെട്ടു. അന്ന് ഒരുപാട് നേരം വല കടലിലിട്ട് കാത്തിരുന്നെങ്കിലും ഒരു മത്സ്യം പോലും പെട്ടില്ല. സൂര്യാസ്തമയമായപ്പോൾ ഇനി മടങ്ങുകതന്നെ എന്ന് തീർച്ചപ്പെടുത്തി സുരാജൻ തിരിച്ചുപോന്നു. ഇന്ന് ലക്ഷ്മിയുടെ ചീത്ത നല്ലവണ്ണം കേൾക്കേണ്ടിവരുമല്ലോ എന്നോർത്ത് വല മെല്ലെ